# പുതുവത്സരാഘോഷത്തിനിടയിൽ ഒരു തിരിഞ്ഞു നോട്ടം

വാസുദേവ് പുളിക്കൽ

കാലചക്രത്തിൻെറ കറക്കത്തിൽ ഒരു വർഷം കൂടി പിന്നിലാക്കിക്കൊണ്ട് പുതുവത്സരം സമാഗതമാകുന്നു. പുതുവത്സരപ്പിറവി എല്ലാവർക്കും സന്തോഷകരമാണ്. പോയ വർഷത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കുന്ന സമയം. ഭാവിയെപറ്റിയുള്ള പ്രതീക്ഷകളും സങ്കൽപങ്ങളുമാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നമ്മേ പ്രേരിപ്പിക്കുന്നത്. ഈ പദ്ധതികളെല്ലാം തന്നെ ഭൗതിക നേട്ടങ്ങളെ ഉന്നം വെച്ചുകൊണ്ടായിരിക്കും. സുഖഭോഗ വസ്തുക്കൾ കരസ്ഥമാക്കാനുള്ള തൃഷ്ണ ജനിപ്പിക്കുന്ന ശിക്ഷണമാണ് വിദ്യാരംഭം മുതൽ നമുക്ക് ലഭിച്ചിട്ടുള്ളത്. കുട്ടികളുടെ സ്വഭാവരൂപവൽക്കരണം നടക്കുന്നത് തന്നെ മത്സരങ്ങളുടെ മദ്ധ്യത്തിലൂടെയാണ്. ആ മത്സരത്തിൽ ആത്മീയതക്ക് അത്രക്ക് സ്ഥാനമില്ല. ജീവിതം ലൗകിക സുഖം നൽകുന്ന വസ്തുക്കൾ സമാഹരിക്കാനുള്ള ഒരു സമരമാണ് എന്ന ധാരണ ജനിപ്പിക്കുന്ന പ്രേരകശക്തി ആത്മീയതയിലേക്കുള്ള വഴി തടയുന്നു. ഭൗതിക നേട്ടങ്ങളേക്കാൾ ആത്മീയ നേട്ടങ്ങൾക്കാണ് പ്രാധാന്യവും ശാശ്വതീകത്വവും എന്നറിയുമ്പോഴെ ആത്മീയതയിലേക്ക് നാം തിരിയുകയുള്ളൂ. "യേ ഹി സംസ്പർശജാ ഭോഗോ ദുഃഖയോനയ ഏവതേ, ആദ്യന്തവന്തഃ കൗന്തേയ, നതേഷു രമതേ ബുധഃ" (ഗീത 5-22). ഭൗതികസുഖങ്ങളിൽ വിവേകി സന്തോഷിക്കുന്നില്ല. അവ ഉണ്ടായി നശിക്കുന്നതായതുകൊണ്ട് ദുഃഖത്തിന് കാരണമാകുന്നു. 'നിഴലിൻ വഴി പൈതൽ പോലെ പോയുഴലാ ഭോഗമിരന്നു ഞാനിനി' എന്ന ചിന്ത തികച്ചും അനിവാര്യമാണ്.

ഭൗതിക നേട്ടങ്ങൾക്ക് വേണ്ടി മത്സരിക്കുന്ന ലോകം പണം കൊണ്ട് എന്തും സാധിക്കാമെന്ന ചിന്തയുടെ മായാവലയത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ബിൽലാദൻെറ പിതാവിൻെറ 250 മില്യൻ ഡോളർ അള്ളാക്കു വേണ്ടി ഭീകരപ്രവർത്തനങ്ങൾ ചെയ്യാൻ മാറ്റിവെച്ചു. ബിൽലാദൻെറ യുഗം അയാളെ മുസ്ലിം ആചാര പ്രകാരം വെള്ളത്തിൽ സംസ്ക്കരിച്ചത് കൊണ്ട് അവസാനിക്കുന്നില്ല. ബിൽലാദന് പിന്തുടർച്ചക്കാരുണ്ട്. മതങ്ങൾ പണം കൊണ്ട് ഇന്ദ്രജാലം കാണിക്കുന്നു. നിരപരാധികൾ അതിൽ കുടുങ്ങിപ്പോകുന്നു. മതഭ്രാന്തരായ തീവ്രവാദികൾ നമ്മുടെ സ്വാതന്ത്ര്യത്തെ പോലും ഹനിക്കുന്നു. പ്രസിഡൻറ് ട്രമ്പ് ഇക്കാര്യം വ്യക്തമായി മനസ്സിലാക്കുന്നതുകൊണ്ടാണ് ടെററിസ്റ്റുകൾ എന്ന് മുഖമുദ്രയുള്ള മുസ്ലിംഗളെ അകറ്റിനിർത്തണമെന്ന് അദ്ദേഹം വാദിക്കുന്നത്. ഇക്കാരണത്താൽ അദ്ദേഹത്തെ പലരും ഒരു റേസിസ്റ്റായി മുദ്രകുത്തുന്നുണ്ടെലും അമേരിക്കൻ ജനതയുടെ സംരക്ഷണമാണ് അദ്ദേഹം ലക്ഷ്യമാക്കുന്നത് എന്ന് ധരിക്കേണ്ടതാണ്. ശരീരത്തിൽ ബോംബു വെച്ചു കെട്ടി അല്ലാഹു അക്ബർ എന്ന് നിലവിളിച്ചുകൊണ്ടും ജീഹാദ് വിളിച്ചുകൊണ്ടും ജനക്കൂട്ടത്തിൻെറ നടുവിലേക്ക് ചാടിവീണ് നിരപരാധികളെ കൊല്ലുന്നവരോട് സമാധാനപരമായ നയങ്ങളുമായി സമീപിച്ചിട്ട് പ്രയോജനമൊന്നില്ല. വെട്ടാൻ വരുന്ന പോത്തിനോട് മന്ത്രം ഓതേണ്ട ആവശ്യമില്ല എന്ന നയം തന്നെയാണ് അനുയോജ്യം എന്ന് പ്രസിഡൻറ് മനസ്സിലാക്കുന്നതായി കാണുന്നു. ട്രമ്പ് അമേരിക്കൻ ജനതയുടെ കാര്യത്തിൽ തൽപരനാണ് എന്നതിന് ഉദാഹരണമാണ് അതിർത്തിയിൽ മതിൽ കെട്ടാനും അമേരിക്കക്ക് ആവശ്യമില്ലാത്തവരുടെ കുടിയേറ്റത്തിലും വെൽഫെയറിലും നിയന്ത്രണം കൊണ്ടുവരാനും ശ്രമിക്കുന്നത്. പ്രസിഡൻറിൻെറ കർക്കശമായ തീരുമാനങ്ങൾ അമേരിക്കൻ ജനതക്ക് ഭയമില്ലാതെ യഥേഷ്ടം സഞ്ചരിക്കാനുള്ള സാഹചര്യമൊരുക്കുമെന്ന് വിശ്വസിക്കാം.

ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നപ്പോൾ തുറന്ന കാറിൽ എഴുന്നേറ്റു നിന്ന് കൈകൂപ്പി ഞങ്ങളുടെ ഗ്രാമത്തിലൂടെ കടന്നു പോയത് ഓർക്കുന്നു. അന്ന് സുരക്ഷാസന്നാഹങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ആ സ്വാതന്ത്ര്യത്തിൻെറ സുഖം ഇപ്പോൾ അനുഭവിക്കാൻ സാധിക്കുകയില്ല. ഇന്ന് പ്രധാന മന്ത്രി തുറന്ന കാറിൽ സഞ്ചരിക്കണമെങ്കിൽ ഇടത്തും വലത്തും പിന്നിലും മുന്നിലും ആകാശത്തും രക്ഷാസന്നാഹത്തിൻെറ പല പടലങ്ങൾ വേണ്ടി വരും. എങ്കിലും എല്ലാ പ്രതിബന്ധങ്ങളും ഭേദിച്ച് പ്രധാന മന്ത്രിയുടെ ശിരസ്സ് വെടി വെച്ച് തെറിപ്പിക്കാൻ തക്ക ശക്തിയും കുതന്ത്രവും മത ഭീകരന്മാർക്കുണ്ട്. മഹാത്മഗാന്ധി നേടിത്തന്ന രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് ഈ ഭാവപ്പകർച്ചയുണ്ടാകാൻ ഒരു നൂറ്റാണ്ടു പോലും വേണ്ടി വന്നില്ല. ജനങ്ങൾ ലൗകികതയിൽ ആണ്ടു പോകുന്നത് കൊണ്ട് സഹജീവികളുടെ വികാരങ്ങൾക്ക് വില കൽപിക്കാതെ സ്വാർത്ഥമതികളായിത്തീരുന്നു. മതത്തിൻെറ പേരിൽ കലാപങ്ങൾ ഉണ്ടാക്കുന്നവർക്ക് ദൈവം ഒന്നേയുള്ളൂ എന്ന അറിവ് പകർന്നു കൊടുത്ത് അവരുടെ മനസ്സിലെ അന്ധകാരം ദുരീകരിക്കുക എന്നതാണ് നമുക്ക് ചെയ്യാവുന്ന ഏറ്റവും നല്ലകാര്യം. അറിവാണ് ജീവിതത്തെ പ്രകാശിപ്പിക്കുന്നത്. അറിവിൻെറ പരിമിതിയിൽ ജീവിതം ശുഷ്ക്കമാകുന്നു. പ്രത്യക്ഷമായ അനുഭവങ്ങളിൽ നിന്നുണ്ടാകുന്ന സാധരണ അറിവ്, സാധരണ അറിവിലും ഉപരിയായ അറിവ് എന്നിങ്ങനെ അറിവ് പല വിധത്തിലുണ്ട്. അറിവിലുമേറിയ അറിവ് അതായത് പ്രപഞ്ചരഹസ്യത്തെ കുറിച്ചുള്ള അറിവു നേടണം. അങ്ങനെയുള്ള അറിവ് സമ്പാദിക്കാൻ ശ്രമിക്കുമ്പോഴാണ് വിശ്വമാനവികതയുടെ അതുല്യ മന്ത്രം മാനവരാശിക്ക് ചൊല്ലിക്കൊടുത്ത ഗുരുക്കന്മാരുടെ അമൃതവാണികൾക്ക് കാതോർക്കേണ്ടത്. യേശുദേവൻ, മുഹമ്മദ് നബി, ഭഗവാൻ കൃഷ്ണൻ എന്നീ ലോകഗുരുക്കന്മാരുടെ കണ്ണികൾ ആധുനിക ലോകത്തിലേക്കും പടർന്നു കിടപ്പുണ്ട്. ആ പരമ്പരയിൽ പെട്ടവർ ലോക ഗുരുക്കന്മാർ കേൾപ്പിച്ച ആദ്ധ്യാത്മികതയുടെ മാഹാത്മ്യം വാഴ്ത്തിപ്പാടിയിട്ടുണ്ട്. നമ്മൾക്കത് സ്വീകരിക്കുകയേ വേണ്ടൂ. 'ഞാൻ' എന്ന സത്യത്തിൻേറയും പ്രപഞ്ചത്തിൻെറ ഉൽപത്തിക്കും നിലനിൽപിനും ആധാരമായ പരമ സത്യത്തിൻേറയും ഏകാത്മഭാവം അനുഭവിച്ചിട്ടുള്ളവരാണ് ഗുരുക്കന്മാർ എന്നറിയുമ്പോഴാണ് അവർ നമുക്ക് സ്വീകാര്യമാകുന്നതും അവരോടുള്ള

ആരാധനയുടെ മാറ്റ് കൂടുന്നതും. തത്വമസി ( അതു നീയാണ്), അഹം ബ്രഹ്മസ്മി (ഞാൻ ബ്രഹ്മമാകുന്നു) എന്ന് തുടങ്ങിയ ഉപനിഷത് മന്ത്രങ്ങളിലേയും സ്വർഗ്ഗരാജ്യം നിൻെറ ഹൃദയത്തിലാണ് എന്ന യേശുദേവൻെറ വാക്കുകളിലേയും ആത്മീയ ഭാവവും പൊരുളും പൂർണ്ണമായും ഗ്രഹിച്ചു കഴിയുമ്പോൾ നമ്മൾ ആത്മീയതയിൽ നീന്തിത്തുടിക്കുന്നതായി തോന്നും. ആ അനുഭൂതിയിൽ നിന്ന് ഉളവാകുന്ന വിലമതിക്കാനാവാത്ത നേട്ടങ്ങൾ നിരവധിയാണ്. പരസ്പരം സ്പർദ്ധയും വൈരാഗ്യവും സങ്കുചിതത്വവും ഉണ്ടാവുകയില്ല. ഒന്ന് മറ്റൊന്നിനേക്കാൾ മീതെയെന്നു ചിന്തിച്ചോ ഒരാൾ മറ്റൊരാളേക്കാൾ കേമനാണെന്ന് അഹങ്കരിച്ചോ മനസ്സിൽ അസൂയ പെരുക്കുകയില്ല. 'ചിത്താംബുജം ഷഡ്വൈരികൾക്ക് വിളയാട്ടത്തിനാവുകയില്ല' എന്ന് ചുരുക്കം. സത്യദർശനത്തിൽ നിന്ന് അകന്നു പോകുന്ന മനുഷ്യൻ മാനുഷികമൂല്യങ്ങളിൽ നിന്ന് അകന്നു പൊയ്ക്കൊണ്ടിരിക്കും. അങ്ങനെ സംഭവിക്കാതിരിക്കാനുള്ള മാർഗ്ഗദർശനം ഭാരതീയദർശനങ്ങളിൽ ലീനമായിക്കിടപ്പുണ്ട്. അത് ചികഞ്ഞെടുത്ത് വിവേകപൂർവ്വം ഉപയോഗിക്കണമെന്ന് മാത്രം.

നന്മകൊണ്ട് മനസ്സ് നിറഞ്ഞൊഴുകുമ്പോൾ നമുക്ക് ജീവിതത്തിൽ സുപ്രധാനമായ പലതും ചെയ്യാനും നേടാനും കഴിയും. ഭാരതീയ സംസ്ക്കാരത്തിന് ഒട്ടേറെ കളങ്കം ചാർത്തിയ ഹിന്ദു-മുസ്ലിം ലഹള സമയത്ത് ഹിന്ദുക്കളെ രക്ഷിച്ച മുസ്ലിംങ്ങളുണ്ട്, മുസ്ലിംങ്ങളെ രക്ഷിച്ച ഹിന്ദുക്കളുണ്ട്. എന്തുകൊണ്ടാണ് അവർക്കത് ചെയ്യാൻ സാധിച്ചത്? ഹൃദയത്തിൽ മന്ത്രിച്ചു കൊണ്ടിരിക്കുന്ന സ്നേഹത്തിൻെറ ഭാഷയിലൂടെ അവർ പരസ്പരം മനസ്സിലാക്കിയിരുന്നു. സ്വന്തം പ്രവൃത്തി മറ്റുള്ളവരെ ഉപദ്രവിക്കാനോ ഹനിക്കാനോ ഒരിക്കലും ലക്ഷ്യമാക്കരുതെന്ന് അവർ മനസ്സിലാക്കിയിരുന്നു. നമ്മുടെ വിശ്വാസപ്രമാണങ്ങൾ എന്തു തന്നെ ആയിരുന്നാലും കുഴപ്പമില്ല. അവ പ്രായോഗികമാക്കുമ്പോൾ സഹജീവികൾക്കു കൂടി സുഖപ്രദമായിരിക്കത്തക്ക വിധത്തിൽ ആയിരിക്കണമെന്നേ പറയുന്നുള്ളൂ. നമ്മൾ വിശ്വസിക്കുന്ന ആത്മീയ ഗുരുക്കന്മാരുടെ വാക്കുകൾ മാർഗ്ഗദർശനമായിക്കണ്ട് നമ്മുടെ പ്രവർത്തന പദ്ധതികൾ തക്കസമയത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കി മുന്നോട്ട് പോയാൽ നമ്മുടെ ജീവിതം സന്തുഷ്ടവും ധന്യവുമാകും.

തക്കസമയത്തുള്ള പ്രവൃത്തികളുടെ കാര്യം പറയുമ്പോൾ ഉണ്ണായി വാര്യരുടെ നളചരിതം ആട്ടക്കഥയിലെ ഒരു ഭാഗം ഓർക്കുന്നു. ദമയന്തിപരിണയത്തിൽ പങ്കെടുത്തതിനു ശേഷം ഇന്ദ്രൻ, അഗ്നി തുടങ്ങിയവർ സ്വർഗ്ഗത്തിലേക്ക് തിരിച്ചു പോകുന്ന വഴിക്ക് കലിയെ കണ്ടു. കലിയുടെ യാത്ര എങ്ങോട്ടാണെന്ന് ഇന്ദ്രാദികൾ ചോദിച്ചു. ഭൂമിയിൽ ദമയന്തി എന്നൊരു സൗന്ദര്യധാമമുണ്ട്. അവളുടെ സ്വയംവരമാണ്. അവളെ ആനയിക്കുന്നതിനാണ് തൻെറ യാത്രയെന്നും സുന്ദരിയായ ദമയന്തിയെ കൊണ്ടുവരുന്നതിന് തനിക്ക് അനുഗ്രഹം തന്നാൽ ആ ഉപകാരത്തിന് പ്രത്യുപകാരമായി എന്തു വേണമെങ്കിലും ചെയ്തു കൊള്ളാമെന്നും കലി പറഞ്ഞു. കലിക്ക് ഇന്ദ്രൻ നൽകിയ മറുപടി നോക്കൂ:

പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതു ബന്ധനോദ്യോഗമെന്തെടോ?

വെള്ളം മുഴുവൻ ഒഴുകിപ്പോയതിന് ശേഷം അണകെട്ടാനുള്ള ശ്രമം എന്തിനാണ്? വെള്ളം തടഞ്ഞു നിർത്താനാണല്ലൊ അണ കെട്ടുന്നത്. വെള്ളം മുഴുവൻ ഒഴുകിപ്പോയതിനു ശേഷം സേതുബന്ധനത്തിന് മുതിരുന്നത് മൗഢ്യവും അപഹാസ്യവുമാണ്. അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ദമയന്തി പരിണയം കഴിഞ്ഞതിനു ശേഷം അതിന് ശ്രമിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം. സ്വയംവരത്തിന് തക്ക സമയത്ത് എത്തിച്ചേരാൻ സാധിക്കാത്തതിൽ ഉണ്ടായ നഷ്ടമോർത്ത് കലി ദുഃഖിതനായി, സ്വയം ശപിച്ച് നിരാശനായി മടങ്ങിപ്പോയി. ഈ സന്ദർഭം നമ്മുടെ ജീവിതവുമായി ചേർത്തുവെച്ച് ആലോചിച്ചാൽ നമ്മളിൽ പലരും കലിയുടെ പിൻഗാമികളാണെന്ന് കാണാൻ കഴിയും.

ഇക്കാര്യത്തിൽ മുഖ്യമന്ത്രിയേയും സഹമന്ത്രിമാരേയും ഉദാഹരണമായി ചൂണ്ടിക്കാട്ടാം എന്ന് ജനം. കേരളത്തിലേക്ക് നോക്കിയാൽ പ്രളയദുരന്തം ശബരിമലപ്രശ്നം തുടങ്ങി സഹാനുഭൂതിയും ഭീകരതയുടെ അസുന്തുഷ്ടിയും ഉളവാക്കുന്ന നിരവധി സംഭവങ്ങൾക്ക് മലയാളികൾ സാക്ഷ്യം വഹിച്ചിട്ടുള്ളതായി കാണാം. ശബരിമല കാര്യത്തിൽ മുഖ്യമന്ത്രിയുടെ അമിതമായ താൽപര്യം കാണുമ്പോൾ പ്രളയം കേരളത്തെ ദുരന്തത്തിലാഴ്ത്തിയ വസ്തുത അദ്ദേഹം മറന്നു എന്ന് ജനങ്ങൾ സംശയം പ്രകടിപ്പിക്കുന്നു. നിരവധി കുടുംബങ്ങൾ താമസ സൗകര്യമില്ലാത്ത നിരാലമ്പരായി കഴിയുമ്പോൾ അവർക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലല്ല ശബരിമല പ്രശ്നത്തിലും ദുരിതാശ്വാസ ഫണ്ട് വർദ്ധിപ്പിക്കുന്നതിലുമാണ് മുഖ്യമന്ത്രി താൽപര്യം കാണിക്കുന്നത് എന്നാണ് ഒരുവിഭാഗം ജനങ്ങൾ ആരോപിക്കുന്നത്. ഈ രണ്ടു പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടത് മുഖ്യമന്ത്രിയുടെ കടമയാണ്. വേണ്ടത്ര പണമില്ലാതെ ദുരിതാശ്വാസപ്രവർത്തനങ്ങളും കേരളത്തിൻെറ പുനർനിമ്മാണവും സാധ്യമാവുകയില്ല എന്നും കേന്ദ്രസർക്കാരിൽ നിന്ന് പ്രതീക്ഷിച്ചത്ര പണം ലഭിക്കുകയില്ലെന്നും മനസ്സിലാക്കുന്ന മുഖ്യമന്ത്രി സർക്കാർ ജീവനക്കാരിൽ നിന്നും മറ്റും പണം ശേഖരിക്കാൻ ശ്രമിക്കുന്നത് വിമർശന ബുദ്ധിയോടെ കാണേണ്ടതില്ല.

ശബരിമലയിൽ സുപ്രീം കോടതി വിധി നടപ്പാക്കാനാണ് താൻ ശ്രമിക്കുന്നത് എന്ന മുഖ്യമന്ത്രിയുടെ നിലപാടിനെ ചോദ്യം ചെയ്യുന്നവരുണ്ട്. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന ലാവലിൽ കേസിൽ സുപ്രീം കോടതിയുടെ സഹാനുഭൂതി പിടിച്ചുപറ്റാനാണ് മുഖ്യമന്ത്രി സുപ്രീം കോടതിയോട് ചേർന്ന് നിൽക്കുന്നത് എന്ന് ചില മാധ്യമങ്ങൾ വിമർശിക്കുന്നു. ശബരിമലയിൽ എത്തിയ യുവതികളിൽ ചുമ്പനസമരത്തിൻെറ മുൻനിരയിൽ നിന്നവരും അർദ്ധനഗ്നരായി വന്ന കോൾ ഗേൾസുമുണ്ടായിരുന്നെന്നും അവരുടെ അർത്ഥനഗ്നത കണ്ട് ഉമിനീരിറക്കാനാണ് പോലീസുകാർ അവർക്ക് അകമ്പടി സേവിച്ചത് എന്നും വിശ്വാസികൾ ആരോപിക്കുന്നു. ക്ഷേത്രാചാരങ്ങളെ മാനിക്കാതെയുള്ള സുപ്രീംകോടതിയുടെ വിധിയിൽ പൂർണ്ണതയില്ല, അതിൽ അപാകതയുണ്ട് എന്നാണ് ഭക്തജനങ്ങളുടെ വാദം. ക്ഷേത്രാചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിൻെറ അനിവാര്യതക്ക് ഭക്തജനങ്ങൾ ഊന്നൽ കൊടുക്കുമ്പോഴാണ് ആചാരങ്ങൾ ലംഘിക്കുമെന്ന

വ്യതമെടുത്ത് ശബരിമലയിൽ എത്തുന്ന യുവതികൾക്ക് പോലീസ് സംരക്ഷണം നൽകുന്നതും ചില മന്ത്രിമാർ ക്ഷേത്രാചരങ്ങളെ അധിക്ഷേപിക്കുന്നതും എന്ന് ഭക്തജനങ്ങൾ മുഖ്യമന്ത്രിയെ കുറ്റപ്പെടുത്തുന്നു. മഹിഷീ മാരകാ അയ്യപ്പാ ഇനി പിണറായി മാരകനാകൂ അയ്യപ്പാ എന്ന് ഭക്തജനങ്ങൾ പ്രാർത്ഥിക്കുന്നു. തന്ത്രിയെ അധിക്ഷേപിച്ച മന്ത്രിക്ക് താനാരാണെന്ന് അറിയില്ലെങ്കിൽ വെളിപ്പെടുത്തി തരാം എന്നു പറഞ്ഞ് പാർട്ടിക്കുവേണ്ടി വെട്ടും കുത്തും നടത്തിയതിന് പ്രതിഫലമെന്നോണം മന്ത്രിപദം കിട്ടിയ പള്ളിക്കൂടത്തിൻെറ പടിവാതിൽ കാണാത്ത 'കൂതറ' മന്ത്രി എന്നൊരു വിശേഷണം ഒരു സ്ത്രീ ചാർത്തിക്കൊടുത്തതു കേട്ടു. അന്ധമായ വിശ്വാസത്തിൽ നിന്നുണ്ടാകുന്ന ജൽപ്പനങ്ങളാണിതൊക്കെയെന്ന് സാമാന്യബുദ്ധിയുള്ളവർക്ക് മനസ്സിലാകും. താൻ വന്നത് പ്രവാചകന്മാർ തുടങ്ങിവെച്ചത് നിർത്തലാക്കാനല്ല പൂർത്തിയാക്കാനാണ് എന്ന് യേശുദേവൻ ഗിരിപ്രഭാഷണത്തിൽ പറഞ്ഞതുപോലെ, പൂർവികാരന്മാർ തുടങ്ങിവെച്ച ആചാരാനുഷ്ഠനങ്ങൾ നശിപ്പിക്കലല്ല നിലനിർത്തലാണ് അഭികാമ്യം എന്നായിരിക്കാം അയ്യപ്പഭക്തന്മാർ വിശ്വസിക്കുന്നത്. ലോകാവസാനം വരെ ആചാരങ്ങൾ മാറ്റം വരാതെ നിലനിൽക്കണമെന്ന് ചിന്തിക്കാൻ മാത്രം അവർ അധഃപതിച്ചു പോകുന്നത് മൗലികാവകാശത്തേയും നിയമവ്യവസ്ഥയേയും കുറിച്ച് അവർക്ക് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടാണ്. അയ്യപ്പഭക്തരായ യുവതികളാരും ശബരിമല പ്രവേശനത്തിനു വേണ്ടി കോടതിയെ സമീപിച്ചിട്ടെല്ലെന്നും ഡെൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു മുസ്ലിം, ശബരിമലക്കാര്യത്തിൽ മുസ്ലിം പള്ളികളിൽ സ്ത്രീകൾക്ക് പ്രവേശനമില്ല എന്ന വസ്തുതയുടെ നേരെ കണ്ണടച്ചുകൊണ്ട് സുപ്രീം കോടതിയിൽ കേസുകൊടുത്തത് സ്ഥാപിത താൽപര്യത്തോടു കൂടിയാണെന്നും ഭക്തജനങ്ങൾ വികാരപ്രകടനം നടത്തുന്നത് നാം കേൾക്കുന്നു. ശബരിമല പ്രശ്നം ഉടലെടുത്തത് ഏതോ ഗൂഢാലോചനയുടെ പരിണിതഫലമാണെന്ന സംശയം മാധ്യമങ്ങളും ജനങ്ങളും ഉയർത്തിക്കാണിക്കുന്നുണ്ട്. ഹിന്ദുത്വം തകർക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് ഹൈന്ദവർ ശബരിമലപ്രശ്നത്തെ കാണുന്നതെന്നാണ് അവരുടെ നിലപാടിൽ നിന്ന് മനസ്സിലാകുന്നത്. ഹിന്ദുക്കൾക്ക് എതിർക്കാനുള്ള ശക്തിയില്ല, അവർക്ക് ഒത്തൊരുമയില്ല എന്നൊക്കെയുള്ള ധാരണയിലാണത്രെ അയ്യപ്പൻെറ പൂങ്കാവനം വെട്ടി നിരത്തി വിദേശശക്തിയുടെ പിന്തുണയോടെ ഈ ഗൂഢാലോചന രൂപം കൊണ്ടത് എന്ന വാർത്ത പരക്കുന്നുണ്ട്. ഒരു ശക്തിക്കും ഹിന്ദുത്വത്തെ നശിപ്പിക്കാൻ സാധിക്കുകയില്ല എന്ന് ചരിത്രം തെളിയിക്കുന്നു എന്ന നിലപാടിൽ ഹൈന്ദവ സമൂഹം ഉറച്ചു നിൽക്കുന്നു. യുവതികളോട് അയ്യപ്പസന്നിധാനത്തിലേക്ക് കേറിക്കോ കേറിക്കോ എന്ന് ആക്രോശിക്കുന്ന മുഖ്യമന്ത്രിക്ക് മാനസിക രോഗമാണെന്നും ചികത്സക്കായി അദ്ദേഹത്തെ ഏതെങ്കിലും മാനസിക ചികത്സാകേന്ദ്രത്തിൽ പ്രവേശിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ഭക്തരായ സ്ത്രീകൾ ആക്ഷേപിക്കുന്നു. ജനങ്ങൾക്ക് ഇത്രയധികം നാണക്കേടുണ്ടാക്കിയതും ജനങ്ങളിൽ നിന്ന് ഇത്രയധികം ചീത്തവിളി കേട്ടിട്ടുള്ളതുമായ ഒരു രാഷ്ട്രീയ നേതാവിനെ കാണുത് ഇതാദ്യമായാണെന്നും അവർ കൂട്ടിച്ചേർത്തു. പോലീസ് മേധാവി സെൻ കുമാറിൻെറ മുമ്പിൽ മുഖ്യമന്ത്രി നാണം കെട്ട് മുട്ടു മടക്കിയതു പോലെ കലി ബാധിച്ച മുഖ്യമന്ത്രി ശബരിമല വിഷയത്തിലും മുട്ടുകുത്തുമെന്നും ക്ഷേത്രാചാരങ്ങൾ സംരക്ഷിക്കപ്പെടുമെന്നുമുള്ള വിശ്വാസത്തിലാണ് ഭക്തജനങ്ങൾ. എത്രയൊക്കെ അധിക്ഷേപിച്ചാലും മുഖ്യമന്തിക്ക് തൻെറ കടമ നിർവ്വഹിക്കാതിരിക്കാൻ സാധിക്കുകയില്ലല്ലൊ എന്ന തിരിച്ചറിവ് അദ്ദേഹത്തെ അധിക്ഷേപിക്കുന്നവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. തങ്ങളുടെ അവകാശമായി കണക്കാക്കി ഇന്നല്ലെങ്കിൽ നാളെ യുവതികൾ മല ചവിട്ടും എന്ന് വാശി പിടിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ഒരിക്കൽ ചിന്തിതമായ ഒന്നും തന്നെ വ്യക്തിമനസ്സിൽ നിന്ന് ഒരിക്കലും നശിക്കുന്നില്ല. മനസ്സിൻെറ അഗാധതയിലേക്ക് തള്ളി മറ്റപ്പെടുന്നതേയുള്ളൂ. തോട്ടത്തിൻെറ മൂലയിലേക്ക് ചെത്തിക്കൂട്ടിയ പാഴ്ച്ചെടി കാലവർഷം അനുകൂലമാകുമ്പോൾ പൊട്ടിത്തഴക്കുന്നതു പോലെ പതിനെട്ടാം പടി ചവിട്ടണമെന്ന് തീരുമാനിച്ചുറപ്പിച്ചിരിക്കുന്ന യുവതികൾ അവസരത്തിനായി കാത്തിരിക്കും എന്നു വേണം കരുതാൻ.

ശബരിമലപ്രശ്നത്തിൽ പരാജയത്തിൻെറ കയ്പ്പറിഞ്ഞപ്പോഴാണ് മുഖ്യമന്ത്രി നവോത്ഥാനമെന്ന പുതിയ പദ്ധതിയുമായി രംഗത്തെത്തിയത് എന്ന് അയ്യപ്പവിശ്വാസികകളും പ്രതിപക്ഷവും ആരോപിക്കുന്നു. ഈ നവോഥാനം സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ട അവകശങ്ങൾ നേടിക്കൊടുക്കാനും അവരുടെ മേലുള്ള പുരുഷമേധാവിത്വം അവസാനിപ്പിക്കാനുമാണ് എന്നാണ് മനസ്സിലാക്കേണ്ടത്. പുരുഷമേധാവിത്വമാണല്ലൊ ഇപ്പോൾ ശബരിമലയിൽ നടക്കുന്നത്. ശാരീരികമായി വ്യത്യാസം ഉണ്ടെങ്കിലും ഭാര്യയും ഭർത്താവും ഒന്നാണെന്നാണ് ബൈബിൾ പറുയുന്നത്. നവോത്ഥാന നായകനായി മുഖ്യമന്ത്രി വനിതാമതിലിന് രൂപം കൊടുത്തപ്പോൾ ആ പ്രസ്ഥാനത്തിൻെറ തലപ്പത്തിരുത്തിയ ആൾ നവോത്ഥാന പാരമ്പര്യമുണ്ട് എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും നവോത്ഥാനത്തിൻെറ അർത്ഥം അറിയാത്ത, നാവോത്ഥാനം എന്ന് വാക്ക് അക്ഷരത്തെറ്റു കൂടാതെ എഴുതാൻ പോലും അറിയാത്ത അവസരവാദിയാണെന്ന് ജനസംസാരം. സ്വന്തം പേര് തെറ്റു കൂടാതെ എഴുതാമോ എന്ന് സുകുമാർ അഴിക്കോട് അദ്ദേഹത്തെ വെല്ലുവിളിച്ച ചരിത്രമുണ്ട്. വനിതാമതിലിനോട് സഹകരിക്കാത്ത യോഗാങ്ങളെ പിരിച്ചുവിടുമെന്ന് പറഞ്ഞതിൻെറ പ്രതികരണമായി യോഗം ജനറൽ സെക്രട്ടറിയുടെ തറവാട്ടു സ്വത്താണോ എന്ന ചോദ്യവുമായി നിൽക്കുന്നു നിഷപക്ഷമതികളായ അംഗങ്ങൾ. ഏകാധിപതിയായി ശ്രീനാരായണ ധർമ്മത്തിന് വിലകൽപ്പിക്കാതെ യോഗത്തെ സ്വാത്ഥപര്യത്തിനായി ഉപയോഗിക്കുന്നു എന്ന അംഗങ്ങളുടെ പരാതിക്ക് വ്യക്തമായ മറുപടി നൽകാനാകാതെ പരുങ്ങി നിന്നിട്ടുള്ള നേതക്കന്മാർ ഗുരുവിൻെറ കാലത്തും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ഗുരുവിന് യോഗം വിട്ടു പോകേണ്ടി വന്നത്. വനിതാമതിലിനെ പറ്റി പല അഭിപ്രായങ്ങൾ പുറത്തു വരുന്നു. വനിതാമതിൽ വർഗ്ഗീയത വർദ്ധിപ്പിക്കുമെന്ന് വി. എസ്., അടിത്തറയില്ലാത്ത മതിൽ അടിതെറ്റി വീഴുമെന്ന് പ്രതിപക്ഷം. എന്നാൽ മതേതരത്വത്തിൻെറ ഭാവപ്പകർച്ചയോടെ നിർമ്മിക്കപ്പെടുന്ന നവോത്ഥാനത്തിൻെറ പ്രതീകമായ മതിൽ ഉറപ്പുള്ളതായിരിക്കും.

ജീവിതത്തിൻെറ നെട്ടോട്ടത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളും മറി കടക്കേണ്ടി വരുന്ന സാഹചര്യങ്ങളും എത്ര കഠിനമാണെങ്കിലും സഹജീവികളോടുള്ള സ്നേഹവും കാരുണ്യവും കൈവിട്ടു പോകാതിരിക്കാൻ ശ്രദ്ധിക്കണം.

ഉപദ്രവിക്ക ബന്ധിക്കകൊല്ലുകയെന്നവയൊന്നുമെ
ചെയ്യാത്ത ജന്തുപ്രിയനു ചേരും പരമമാം സുഖം.

എന്ന മനുഷ്യവർഗ്ഗത്തിൻെറ സീമ കടന്ന് ജന്തുവർഗ്ഗത്തിലേക്ക് വ്യാപിച്ചു നിൽക്കുന്ന അഹിംസയിൽ പൊതിഞ്ഞ ഈ സ്നേഹദർശനത്തെ ജീവിതത്തിൽ പ്രായോഗികമാക്കുമ്പോൾ ഉണ്ടാകുന്ന ചിത്തശുദ്ധിയും വികാസവും മറ്റുള്ളവരുടെ മനസ്സിനെ കീറി മുറിക്കുന്ന വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും നമ്മേ പിന്തിരിപ്പിക്കാനും സ്നേഹരാഹിത്യത്തിൻെറ കാർമുകിലുകൾ മനസ്സിൽ നിന്ന് മാഞ്ഞു പോകാനും സഹായകമാകും. ജീവിതായോധനത്തിൽ പരാജയപ്പെട്ട് അതിൻെറ ദുഃഖച്ചുടിൽ എരിഞ്ഞു നിൽക്കുന്ന മനസ്സുകളെ വേദനിപ്പിച്ച് അതിൽ സന്തോഷം കണ്ടെത്തുന്ന സാഡിസ്റ്റുകൾക്കും മുങ്ങി നിവർന്ന് സ്വയം ശുദ്ധീകരിക്കാനുള്ള ശീതള സരോവരം സൃഷ്ടിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. അനുകമ്പയിൽ ഉത്തേജിതനായിട്ടാണ് അണുജീവിയിലും സഹോദരപ്രണയം വേണമെന്നും തുരു പക്ഷി മൃഗങ്ങളോടും സ്നേഹരസം വേണമെന്നും മറ്റും കുമാരനാശാൻ പാടിയിട്ടുള്ളത്. ഈ പ്രചോദനമാണ് നാം ഓരോരുത്തർക്കും ഉണ്ടാകേണ്ടത്. ജീവിതം അനുകമ്പയിൽ അധിഷ്ഠിതമാക്കുകയും സ്നേഹമയമാക്കുകയും വേണം.

ഇൻഡ്യക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം നേടിക്കൊടുത്തപ്പോൾ ഗാന്ധിജി ഒരു രാമരാജ്യം സ്വപ്നം കണ്ടിരുന്നു. രാമരാജ്യമെന്നാൽ ഹിന്ദു രാജ്യമെന്ന് തെറ്റിദ്ധരിക്കരുത്. ആ തെറ്റിദ്ധാരണയുടെ പേരിൽ നടക്കുന്ന കലാപങ്ങൾ ഗാന്ധിജിയെ മനസ്സിലാക്കാത്ത ഇൻഡ്യാക്കാരുടെ ലക്ഷണമാണ്. രാമനെന്ന ഭരണകർത്താവിൽ ഗാന്ധിജി കണ്ടത് പ്രജകളുടെ താൽപര്യത്തിന് വിലകൽപ്പിക്കുന്ന ഉത്തമരാജാവിനെയാണ്. അശോകനെപ്പോലെയോ അക്ബറെപ്പോലെയോ ചരിത്രത്തിൻെറ താളുകളിൽ സ്ഥാനം പിടിച്ചിട്ടുള്ള ഒരു രാജാവല്ല രാമൻ. കോടാനുകോടി ഭാരതീയ ഹൃദയങ്ങളിൽ വേലിയേറ്റങ്ങൾ ഉണ്ടാക്കുന്ന ഒരത്ഭുത പ്രഭാവമാണ്. പ്രജകളുടെ ജീവനും സ്വത്തും കാത്തു സൂക്ഷിച്ചിരുന്ന രാജാക്കന്മാരുണ്ടായിരുന്നു. എന്നാൽ, രാജാക്കന്മാരുടെ സ്ഥാനത്ത് രാഷ്ട്രീയക്കാർ വന്നപ്പോൾ ജനങ്ങളെ ചൂഷണം ചെയ്യാനും അവരുടെ പോക്കറ്റിൽ കയ്യിടാനും തുടങ്ങി. അവർക്ക് രാമസങ്കൽപത്തിൻെറ അന്തസ്സാരം ഉൾക്കൊള്ളാൻ കഴിയാതെ പോയി. ഗാന്ധിജി വിഭാവന ചെയ്ത രാമരാജ്യം നഷ്ടമായി. രാഷ്ട്രങ്ങൾ യുദ്ധങ്ങളുടെ പിന്നാലെ പോയും ആയുധ വിൽപന നടത്തിയും മറ്റുരാഷ്ട്രങ്ങളെ പരസ്പരം കലഹിപ്പിച്ചും ലോകത്തിൽ അസന്തുഷ്ടി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് ഭൗതികനേട്ടങ്ങളിൽ ഉന്നം വെച്ചുകൊണ്ടാണ്. അവിടെ ആദ്ധ്യാത്മികതയുടെ വെളിച്ചമില്ല. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുകരണീയമാകട്ടെ, മാതൃകയാകട്ടെ. ഏവർക്കും പുതുവത്സരാശംസകൾ.